(സി) 3-11-1999-ന് 11.30 മണിക്ക് പരാതി ലഭിക്കുകയും 11.45ന് പോലീസ് കോളേജിൽ എത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ഡി&എഫ്) മതിലിടിച്ചതിന് ക്രൈം നമ്പർ 443/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രിൻസിപ്പാളിനെ പരിക്കേൽപ്പിച്ചതിന് ക്രൈം നമ്പർ 438/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റെനിൽ, സന്തോഷ്, മറ്റ് കണ്ടാലറിയാവുന്ന 10-ഓളം വിദ്യാർത്ഥികൾ ഈ കേസ്സിൽ പ്രതികളാണ്. കേസ് അന്വേഷണം നടന്നുവരുന്നു.

ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പനെ മർദ്ദിച്ച സംഭവം

88 (88) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 ഡിസംബർ മാസം 11-ാം തീയതി രാത്രി ഒരു മണിയോടുകൂടി തിരുനന്തപുരം ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പനെ ശംഖുംമുഖം പോലീസ് കസ്റ്റഡിയിലെടുക്കുകയും പിന്നീട് മ്യൂസിയം പോലീസ് സ്റ്റേഷന് കൈമാറുകയും അവിടെവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ആരെല്ലാം ചേർന്നാണ് അദ്ദേഹത്തെ മർദ്ദിച്ചതെന്ന് അറിയിക്കുമോ ;

(സി) ഇതോടനുബന്ധിച്ച് അന്വേഷണം നടത്തുവാൻ ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; എന്താണ് ഈ അന്വേഷണം നടത്തുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയത് ;

(ഡി) ശാന്തപ്പനെ മർദ്ദിച്ചവരിൽ ആരുടെയെല്ലാം പേരിലുള്ള അന്വേഷണം പൂർത്തിയാക്കി ;

(ഇ) ബാക്കിയുള്ളവരെ സംബന്ധിച്ച് അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ;

(എഫ്) ഈ കേസ് സംബന്ധിച്ച അന്വേഷണം വിനാവിളംബം പൂർത്തിയാക്കി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) കേസന്വേഷണം തിരുവനന്തപുരം എ.സി. ക്രൈം ഡിറ്റാച്ച്മെന്റിനെ 1-1-1998-ൽ ചുമതലപ്പെടുത്തി.

(ഡി) കേസ് അന്വേഷണത്തിലാണ്.

(ഇ&എഫ്) അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി മേൽനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകൾ

89 (89) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ പേരിൽ 1998, 1999 എന്നീ വർഷങ്ങളിൽ എത്രവീതം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) 1998, 1999 എന്നീ വർഷങ്ങളിൽ ഇന്ത്യൻ ശിക്ഷാനിയമം 376-ാം വകുപ്പനുസരിച്ച് ശിക്ഷിക്കപ്പെടാവുന്ന എത്ര ബലാൽസംഗക്കേസ്സുകളിൽ പോലീസ് സേനാംഗങ്ങളെ പ്രതിയാക്കി ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ ഇന്ത്യൻ ശിക്ഷാനിയമം 392-ാം വകുപ്പനുസരിച്ച് ശിക്ഷാർഹമായ കവർച്ച, കൂട്ടകവർച്ച എന്നീ കുറ്റങ്ങളുടെ പേരിൽ എത്ര പോലീസ് സേനാംഗങ്ങളുടെ മേൽ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; 395-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) മോഷണകുറ്റങ്ങൾക്ക് എത്ര പോലീസ് സേനാംഗങ്ങളുടെ പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) മുൻകാലങ്ങളെ അപേക്ഷിച്ച് സംസ്ഥാന പോലീസ് സേനയിൽ കുറ്റവാളികളുടെ എണ്ണം വർദ്ധിപ്പിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ക്രമസമാധാനപാലനത്തിന് ചുമതലപ്പെട്ട നിയമപാലക വിഭാഗമായ പോലീസ് സേനാംഗങ്ങളുടെ ഇടയിൽ കുറ്റവാസനകൾ ഇല്ലായ്മ ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 1998 - 161
1999 - 141

(ബി) 1998 - 1
1999 - 1

(സി) ഇന്ത്യൻ ശിക്ഷാനിയമം 392-ാം വകുപ്പനുസരിച്ച് '6' പോലീസ് സേനാംഗങ്ങൾക്കെതിരെ '5' കേസുകൾ രജിസ്റ്റർ ചെയ്തു. 395-ാം വകുപ്പ് അനുസരിച്ച് ശിക്ഷാർഹമായ ക്രിമിനൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) 11 പോലീസ് സേനാംഗങ്ങൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) പോലീസ് സേനാംഗങ്ങളുടെ ഇടയിൽ കുറ്റവാസനകൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി വകുപ്പുതല ബോധവൽക്കരണ ചർച്ചകൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ ഏതെങ്കിലും കുറ്റങ്ങൾ ചെയ്തതായി വിവരം കിട്ടിയാൽ കർശന നിയമനടപടികളും വകുപ്പുതല ശിക്ഷണനടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly